# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.530** **29.11.2018-ൽ മറുപടിയ്ക്ക്**

**നവകേരള ലോട്ടറി**

| ചോദ്യം<br>ശ്രീ.അടൂർ പ്രകാശ് | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ പ്രളയ ദുരന്ത ത്തിൽ നിന്നും കരകയറ്റുന്നതിന് ധനസമാഹരണത്തിനായി നവ കേരള ലോട്ടറി നടത്തിയിരുന്നോ; | (എ) | നടത്തിയിരുന്നു. |
| (ബി) | പ്രസ്തുത ലോട്ടറിയിൽ നിന്നും എത്ര കോടി രൂപയുടെ വരുമാനമാണ് പ്രതീക്ഷിച്ചിരുന്നത്; | (ബി) | നവകേരള ഭാഗ്യക്കുറിയുടെ (NK-1) പരമാവധി 90 ലക്ഷം ടിക്കറ്റുകൾ അച്ചടിക്കുന്നതിനാണ് ഉദ്ദേശിച്ചിരുന്നത്. അതിലൂടെ പരമാവധി 85.70 കോടി രൂപ അറ്റാദായമായി സമാഹരിക്കുന്നതിന് ലക്ഷ്യമിട്ടിരുന്നു. |
| (സി) | എത്ര കോടി രൂപയുടെ വരുമാനം ലഭിച്ചു; | (സി) | നവകേരള ഭാഗ്യക്കുറിയുടെ (NK-1) വിൽപ്പനയിലൂടെ ആകെ 36.10 കോടി രൂപയാണ് ലഭിച്ചത്. അതിൽ 16.57 കോടി രൂപയോളം അറ്റാദായമായി സർക്കാരിന് ലഭിച്ചിട്ടുണ്ട്. |
| (ഡി) | പത്ത് കോടി രൂപയുടെ ഓണം ബംപർ ടിക്കറ്റ് വിപണിയിൽ ഉണ്ടായിരുന്നപ്പോൾ നവകേരള ലോട്ടറി പ്രഖ്യാപിച്ചത് അതിൽ നിന്നുള്ള വരുമാനം കുറയുവാൻ കാരണം ആയിട്ടുണ്ടോ; | (ഡി) | തിരുവോണം ബമ്പർ ഭാഗ്യക്കുറി ടിക്കറ്റ് വിപണിയിൽ ഉണ്ടായിരുന്നതും, നവകേരള ലോട്ടറി വിൽപ്പനയിലൂടെ സമാഹരിക്കുന്നതിന് ലക്ഷ്യമിട്ടിരുന്ന തുകയിൽ കുറവു വന്നതിന് കാരണമായിട്ടുണ്ടാവാം. |
| (ഇ) | പ്രളയത്തെ തുടർന്ന് വിവിധ സംഘടനകൾ ജനങ്ങളിൽനിന്നും നടത്തിയ പിരിവും, സാലറി ചലഞ്ചിന്റെ പേരിൽ സർക്കാർ ജീവനക്കാരിൽ രൂപം കൊണ്ട അതൃപ്തിയും നവകേരള ലോട്ടറി വില്പനയെ ദോഷകരമായി ബാധിച്ചു എന്ന് കരുതുന്നുണ്ടോയെന്ന് വെളിപ്പെടുത്തുമോ? | (ഇ) | ഇക്കാര്യങ്ങൾ ലോട്ടറി വില്പനയെ ബാധിച്ചതായി കരുതുന്നില്ല. |

സെക്ഷൻ ഓഫീസർ